# 2018 ഒക്ടോബർ മാസം .. ന് ഹെഡ് ഓഫീസിൽവെച്ച് ചേർന്ന ബേങ്ക് ഭരണസമിതി യോഗത്തിലെ തീരുമാനം

ഹാജർ : ഹാജർ : പ്രസിഡന്റ് ശ്രീ. സി.ഭാസ്കരൻ മുതൽ 13 പേർ

**തീരുമാനം നമ്പർ :- .**

ബേങ്ക് നിയമാവലിയിലെ **24** ൽ **2**(എ) നിബന്ധന അനുസരിച്ച് ബേങ്കിന്റെ കാർഷിക കാർഷികേതര വായ്പാ ഉപനിബന്ധനകൾ താഴെ കാണിച്ച പ്രകാരം നിശ്ചയിച്ച് അംഗീകരിക്കുകയും ആയതിന് അംഗീകാരം നൽകുവാൻ കോഴിക്കോട് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ അവർകളോട് അപേക്ഷിക്കുവാനും തീരുമാനിച്ചു.

## 1. ആമുഖം : -

1) ഈ ഉപനിബന്ധനകളെ വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് വായ്പാഉപനിബന്ധനകൾ എന്നു വിളിക്കപ്പെടുന്നതും കേരള സഹകരണ നിയമത്തിനുംചട്ടങ്ങൾക്കും വിധേയമായി ഉണ്ടാക്കപ്പെട്ടതും ബേങ്ക് നിയമാവലിക്ക് അനുസരിച്ച്നിയന്ത്രിക്കപ്പെടുന്നതുമായിരിക്കും.

2) ഈ ഉപനിബന്ധനകളിൽ നിയമാവലി എന്നു പറയുന്നത് വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് നിയമാവലിയും നിയമം എന്നു പറയുന്നത് കേരള സഹകരണനിയമവും ചട്ടങ്ങളും ആകുന്നു.

3) ഈ ഉപനിബന്ധനകളിൽ അതാത് കാലങ്ങളിൽ ആവശ്യമായ ഭേദഗതികൾ ഭരണസമിതി അംഗീകരിച്ച് ജോയിന്റ് രജിസ്ട്രാറുടെ അനുവാദത്തോടെ നടപ്പിൽ വരുത്തുന്നതായിരിക്കും.

4) ഈ ഉപനിബന്ധനകളിൽ എന്തുതന്നെ പറഞ്ഞാലും ജില്ലാ സഹകരണ ബേങ്കോ രജിസ്ട്രാറോ രേഖാമൂലം നിർദ്ദേശിക്കുന്ന തരത്തിലുള്ള വായ്പകൾ നൽകാൻ ഈ ഉപനിബന്ധന തടസ്സമായിരിക്കുന്നതല്ല.

5) ഈ ഉപനിബന്ധനകളിൽ റജിസ്ട്രാർ എന്നു പറയുന്നത് കേരള സഹകരണ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് രജിസ്ട്രാറുടെ അധികാരങ്ങൾ കയ്യാളുന്നആൾ ആകുന്നു.

6) ബാങ്കിന്റെ കാർഷിക-കാർഷികേതര വായ്പകൾ, നിക്ഷേപങ്ങളിൽമേലുള്ള വായ്പകൾ എന്നിങ്ങനെയുള്ള ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്നതിന് ഈ ഉപനിബന്ധനകൾ ബാകമായിരിക്കുന്നതാണ്.

7) ഈ ഉപനിബന്ധനകൾ കോഴിക്കോട് ജില്ലാ സഹകരണ സംഘം ജോയിന്റ് റജിസ്ട്രാർ അംഗീകരിക്കുന്ന ദിവസം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

8) ബേങ്കിലെ എല്ലാ എ, ബി, ഡി ക്ലാസ്സ് അംഗങ്ങൾക്കും സഹകരണ നിയമത്തിനും ബാങ്ക് നിയമാവലിക്കും ഈ ഉപനിബന്ധനകൾക്കും വിധേയമായി വിവിധ തരംവായ്പകൾക്ക് അർഹതയുണ്ടായിരിക്കും. എന്നാൽ നിക്ഷേപങ്ങളിന്മേൽ നൽകുന്ന വായ്പകൾക്കും, ബാങ്ക്ജീവനക്കാർക്ക് നൽകുന്ന ഓവർ ഡ്രാഫ്റ്റിനും ഹൗസിംഗ് ലോണിനും വായ്പ വാങ്ങുന്ന ആൾ അംഗമായിരിക്കേണ്ടതില്ല. എന്നാൽ 'എ' ക്ലാസ്സ് അംഗത്തിന് മാത്രമേ കാർഷിക വായ്പക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

**2. കാർഷിക വായ്പകൾ : -**

ജില്ലാ സഹകരണ ബേങ്ക് യഥാസമയം നിശ്ചയിക്കുന്ന വായ്പാ തോതിന്റെയും കൃഷി വകുപ്പിന്റെയും, റജിസ്ട്രാറുടെയും അതാത് കാലത്തുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി ഹ്രസ്വകാല, മദ്ധ്യകാല, കാർഷിക വായ്പകൾ താഴെപറയുന്ന പരിധിക്കും ജാമ്യ വ്യവസ്ഥകൾക്കും വിധേയമായി അനുവദിക്കാവുന്നതാണ്.

**3. കാർഷികേതര വായ്പകൾ : -**

റജിസ്ട്രാറുടെ നിർദ്ദേശാനുസരണം തയ്യാറാക്കി അച്ചടിച്ച് ഇതോടൊന്നിച്ച് ചേർത്ത ഉപനിബന്ധനകൾ അനുസരിച്ചുള്ള വായ്പകളും മറ്റു ഗാർഹികാവശ്യത്തിനുള്ള വിവിധ തരം കാർഷികേതര വായ്പകളും താഴെപറയുന്ന പരിധിക്കും ജാമ്യ വ്യവസ്ഥകൾക്കും വിധേയമായി അനുവദിക്കാവുന്നതാണ്.

**4. വായ്പാ പരിധി: -**

| | | |
|---|---|---|
| എ. | ഹ്രസ്വകാല കാർഷിക വായ്പ | : 2,00,000 ക |
| ബി. | മദ്ധ്യകാല കാർഷിക വായ്പ | : 2,00,000 ക |
| സി. | രജിസ്ട്രാറുടെ നിർദ്ദേശാനുസരണമുള്ള ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാലകാർഷികേതര വായ്പകൾ | : ഉപ നിബന്ധനകളിൽ പ്രത്യേകം പ്രത്യേകം കാണിച്ചിട്ടുണ്ട്. |
| ഡി. | മറ്റ് ഗാർഹികാവശ്യങ്ങൾക്കുള്ള മദ്ധ്യകാലകാർഷികേതര വായ്പകൾ | : 10,00,000 ക |
| ഇ. | കുടുംബശ്രീ / എസ്.എച്ച്.ജി വായ്പ | : 3,00,000 ക |

**5. ജാമ്യ വ്യവസ്ഥകൾ : -**

1. വായ്പ എടുക്കുന്ന ആളിന്റെ സ്വന്തം പേരിലോ , അദ്ദേഹത്തിന്റെയും കുടുംബാംഗങ്ങളുടെയും കൂട്ടായ പേരിലുള്ളതോ ആയ ബാധ്യതകൾ ഇല്ലാത്ത സ്വത്തുക്കൾ നിയമാനുസരണം പണയപ്പെടുത്തിയാൽ വായ്പകൾ അനുവദിക്കാ വുന്നതാണ്. എന്നാൽ കടമായി നൽകുന്ന സംഖ്യ സ്വത്തിന്റെ മാർക്കറ്റ് വിലയുടെ 50% ത്തിൽ അധികരിക്കാൻ പാടുള്ളതല്ല. 50,000 ക.ക്ക് മുകളിലുള്ള കാർഷിക വായ്പകൾക്കും 2,00,000 ക ക്ക് മുകളിലുള്ള കാർഷികേതരവായ്പകൾക്കും സ്വത്ത് പണയം വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ പദ്ധതി വായ്പകൾക്ക് അതത് വായ്പാ ഉപ നിബന്ധനകളിൽ പറയുന്ന തരത്തിലുള്ളജാമ്യ വ്യവസ്ഥകൾ നടപ്പിൽ വരുത്തിയാൽ മതിയാകുന്നതാണ്.

2. മേൽപറഞ്ഞ ജാമ്യ വ്യവസ്ഥകല്ലാതെ സ്വർണ്ണാഭരണങ്ങളുടെ ഉറപ്പിന്മേലും ഹ്രസ്വകാല മദ്ധ്യകാല വായ്പകൾ അനുവദിക്കാവുന്നതാണ്.

3. 50,000 ക വരെയുള്ള കാർഷികേതര വായ്പകളും 50,000 ക വരെയുള്ള കാർഷിക വായ്പകളും അംഗങ്ങൾ തമ്മിലുള്ള പരസ്പര ജാമ്യത്തിൽ നൽകാവുന്നതാണ്.

4. 1,00,000 ക വരെയുള്ള കാർഷികേതര വായ്പകൾ, 5000 ക.യെങ്കിലും പ്രതിമാസ അടിസ്ഥാന ശമ്പളമുള്ള സർക്കാർ അർദ്ധസർക്കാർജീവനക്കാരോ, സഹകരണ സംഘം ജീവനക്കാരോ ആയ ഒരു അംഗത്തിന്റെയും മറ്റൊരു അംഗത്തിന്റെയും ജാമ്യത്തിലും 1,00,000 ക ക്ക് മുകളിൽ 2,00,000 ക വരെയുള്ള കാർഷികേതര വായ്പകൾ

5000 ക.യെങ്കിലും പ്രതിമാസ അടിസ്ഥാന ശമ്പളമുള്ള സർക്കാർ അർദ്ധസർക്കാർജീവനക്കാരോ, സഹകരണ സംഘം ജീവനക്കാരോ ആയ രണ്ട് അംഗങ്ങളുടെയും ജാമ്യത്തിൽ നൽകാവുന്നതാണ്. ജീവനക്കാരന്റെ പ്രതിമാസ അറ്റശംബളവും വായ്പാ കാലാവധിയും കണക്കിലെടുത്ത് വായ്പാതുക നിശ്ചയിക്കേണ്ടതാണ്. ജാമ്യം നൽകുന്ന ഉദ്യോഗസ്ഥർ അവരുടെ ശമ്പള സർട്ടിഫിക്കറ്റ്, ശമ്പളം റിക്കവറി ചെയ്യുന്നതിനുള്ള അനുമതിപത്രം, ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

5. സ്ഥിരം നിക്ഷേപങ്ങളുടെ ഉറപ്പിന്മേൽ നിക്ഷേപത്തിന്റെ 85% (എൺപത്തിയഞ്ച്ശതമാനം) വരെ വായ്പയായി അനുവദിക്കാവുന്നതാണ്. നിക്ഷേപത്തിന് ബേങ്ക് നൽകുന്നപലിശയുടെ 2% ത്തിൽ കൂടുതൽ പലിശ നിക്ഷേപ വായ്പകൾക്ക് ഈടാക്കേണ്ടതാണ്. നിക്ഷേപ രശീതിയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ വായ്പകൾ അനുവദിക്കാവുന്നതാണ്.

6. നിത്യനിധി നിക്ഷേപങ്ങളുടെ ബാക്കി നില്പിന്റെ 85% വരെവായ്പകൾ അനുവദിക്കാവുന്നതാണ്.

7. കുടുംബശ്രീ / എസ്.എച്ച്.ജി വായ്പകൾ അയൽക്കൂട്ടത്തിലെ മുഴുവൻ അംഗങ്ങളുടേയും സമ്മതപത്രത്തിന്റേയും ഇന്റർസേ എഗ്രിമെന്റിന്റേയും ഉറപ്പിൻമേൽ നൽകാവുന്നതാണ്.

## 6. <u>പലിശ</u> :-

കടങ്ങൾക്ക് റജിസ്ട്രാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് ബാധകമായിരിക്കും. റജിസറ്റ്രാർ ഏതെങ്കിലും തരത്തിലുള്ള കടങ്ങൾക്ക് പലിശനിശ്ചയിച്ചിട്ടില്ലെങ്കിൽ കാർഷികേതര കടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പരമാവുധിപലിശ നിരക്കിൽ അധികരിക്കാതെ ഭരണസമിതിക്ക് ഓരോതരം വായപകൾക്കുംപലിശ നിശ്ചയിക്കുവാൻ അധികാരമുണ്ടായിരിക്കും.

## 7. <u>പലിശ കണക്കാക്കുന്ന വിധം :-</u>

പലിശ കണക്കാക്കേണ്ടത് ഓരോ ദിവസത്തെയും ബാക്കി സംഖ്യയിന്മേലാണ് എല്ലാ കടങ്ങളിൽമേലും പലിശ മാസാന്തം അടച്ചിരിക്കേണ്ടതാണ്. എന്നാൽ കൃഷിക്കാ രുടെയും മാസ വരുമാനം ഇല്ലാത്തവരുടെയും കാര്യത്തിൽ അർദ്ധ വാർഷിക ഗഡുക്കളായോ, വാർഷിക ഗഡുക്കളായോ അടക്കാൻ ഭരണസമിതി അനുവാദം നൽകാവുന്നതാണ്.

## 8. <u>കിട്ടാനുള്ള തുകകൾ വരവുവെക്കേണ്ട ക്രമം :-</u>

പണം തരാനുള്ള ഒരു അംഗം വല്ലതും അടക്കുമ്പോൾ ആയത് ഒന്നാമതായി ഫീസ്, തപാൽ കൂലി, അയാളിൽ നിന്ന് കിട്ടാനുള്ളതായ മറ്റു പലവക ചാർജ്ജുകൾ ഇവയിലേക്കും രണ്ടാമതായി പലിശയിലേക്കും, മൂന്നാമതായി മുതലിലേക്കും വരവ് വെക്കേണ്ടതാണ്.

## 9. <u>കടങ്ങൾ ദുരുപയോഗപ്പെടുത്തിയാലുള്ള നടപടി :-</u>

1. ബേങ്ക് നൽകിയ ഒരു കടം ദുരുപയോഗപ്പെടുത്തിയെന്ന് ഭരണസമിതിക്ക് അഭിപ്രായമുള്ള പക്ഷം , കടത്തിന്റെ കാലാവുധി കഴിയാൻ കാത്തുനിൽക്കാതെ ഉടനേ തന്നെ പലിശ സഹിതം കടം വസൂലാക്കാൻ ഭരണസമിതിക്ക് നടപടി എടുക്കാവുന്നതാണ്.

2. ഭരണസമിതിക്ക് ഏതവസരത്തിലും കടക്കാരന്റെ പണം തിരിച്ചടക്കാനുള്ളകെൽപ്പ് അഥവാ ഈട് പുനർ നിർണ്ണയം ചെയ്യാവുന്നതും അധികം ഈട് വാങ്ങാവുന്നതുമാണ്.

10. പണയത്തിൽ വെച്ച സ്വർണ്ണ ഉരുപ്പടികൾ നഷ്ടപ്പെട്ടുപോയാൽ അവയ്ക്ക് കണക്കാക്കിയതും ബേങ്കിലെ ബുക്കുകളിൽ കാണിച്ചതുമായ മതിപ്പ്‌വില അവകാശപ്പെടാനേ കടക്കാരന് അധികാരമുണ്ടായിരിക്കുകയുള്ളൂ. ഏതെങ്കിലും അവസരത്തിൽ പണയസാധനങ്ങളുടെ വില ഒരു കടത്തിന്റെ മൂല്യം കുറയത്തക്കവണ്ണം ഇടിയുന്നപക്ഷം ഭരണസമിതിക്ക് കടക്കാരനോട് കൂടുതൽ ഈട് ആവശ്യപ്പെടാവുന്നതും അങ്ങിനെ സാധ്യമാവാതെ വരുന്നപക്ഷം കടം മുൻകൂട്ടി അവസാനിപ്പിക്കേണ്ടതും ഉടനടി വസൂലാക്കേണ്ടതുമാണ്. കടം തിരിച്ചടക്കാത്ത പക്ഷം പണയംവെച്ച സ്വർണ്ണപണ്ടങ്ങൾ ലേലം ചെയ്ത് വിൽക്കുവാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ കടക്കാരൻ അയാൾ തരാനുള്ള മുഴുവൻ തുകയും വിൽപനക്ക് മുമ്പായി ഏതുസമയത്തും അടക്കുന്ന പക്ഷം വിൽപ്പന നിർത്തിവെക്കേണ്ടതാണ്. വിൽപ്പനതുകയിൽ മിച്ചംവരുന്ന ഏതുസംഖ്യയും കടക്കാരന് തിരിച്ചു കൊടുക്കുന്നതുവരെ സസ്പെൻസ് അക്കൗണ്ടിൽ വെക്കേണ്ടതാണ്. വല്ലകമ്മിയും ഉള്ളപക്ഷം കടക്കാരനിൽ നിന്ന് മറ്റ്മാർഗേണ വസൂലാക്കുന്നതിന് നടപടി എടുക്കുവാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

11. **<u>അവധി തെറ്റിയ കടങ്ങളിന്മേലുള്ള നടപടി :-</u>**

കാലാവുധി കഴിഞ്ഞതോ വായ്പാ ഉടമ്പടി പ്രകാരം തിരിച്ചടക്കാത്തതോ ആയ കടങ്ങൾ ഈടാക്കുന്നതിന് നിയമപ്രകാരംനടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും. കേരള സഹകരണനിയമത്തിലെ വ്യവസ്ഥകൾക്കും ബേങ്ക് നിയമാവലിക്കും ഉപനിയമാവലിക്കും വിധേയമായിട്ടുള്ളതും സിവിൽ നിയമ നടപടി ക്രമങ്ങൾക്കനുസൃതമായിരിക്കുന്നതുമായ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

12. **<u>വായ്പയുടെ കാലാവുധി നിർണ്ണയിക്കൽ :-</u>**

ഓരോ വായ്പയുടെയും സ്വഭാവമനുസരിച്ച് രജിസ്ട്രാറുടെ അതത് കാലത്തെ സർക്കുലർ നിർദ്ദേശങ്ങൾക്കനുസൃതമായി കാലാവുധി നിർണ്ണയിക്കുവാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും. ഹ്രസ്വകാല വായ്പയുടെ കാലാവുധി 1 വർഷവും മദ്ധ്യകാല വായ്പയുടേത് 2 മുതൽ 5 വർഷം വരെയുമായിരിക്കുന്നതാണ്.

13. **<u>കട ഹരജികൾ പാസ്സാക്കൽ :-</u>**

എല്ലാ കട ഹരജികളും അതിനായി നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ സിക്രട്ടറിക്ക്സമർപ്പിക്കേണ്ടതാണ്. കടഹരജികൾ ക്രമപ്രകാരമാണെങ്കിൽ ആവശ്യമായ ഓഫീസ്കുറിപ്പുകൾ സഹിതം ഭരണസമിതി യോഗത്തിൽ വെക്കേണ്ടതും ഭരണസമിതിയുടെഅംഗീകാരത്തിനുശേഷം വായ്പ നൽകാവുന്നതുമാണ്.

14. വായ്പതിരിച്ചടക്കേണ്ട തവണകൾ ആവശ്യങ്ങളുടെയും വിനിയോഗത്തിന്റെയുംസ്വഭാവമനുസരിച്ച് പ്രതിമാസമായോ, ത്രൈമാസമായോ, അർദ്ധവാർഷികമായോഭരണസമിതിക്ക് യുക്തംപോലെ നിശ്ചയിക്കാവുന്നതാണ്.

15. ആവശ്യങ്ങളുടെ സ്വഭാവമനുസരിച്ച് ഓരോവായ്പയുടെയും കാലാവുധി പരമാവുധി 5 വർഷമായി ഭരണസമിതിക്ക് നിശ്ചയിക്കാവുന്നതാണ്. എന്നാൽ പദ്ധതിവായ്പകൾക്ക് ഈ പരിധി ബാധകമല്ല.

// ശരിപകർപ്പ് //

പ്രസിഡന്റ് കമ്മറ്റി മെമ്പർ സെക്രട്ടറി